# Deasbhimani
# 21 August 201
# Kochi ; Periyar, Water Level decreased



## പെരിയാറിൽ ജലനിരപ്പ് 7 മീറ്റർ താണു

**കൊച്ചി**

തീരങ്ങളിൽ കനത്തനാശം വിതച്ച് കരകവിഞ്ഞൊഴുകിയ പെരിയാറിലെ ജലനിരപ്പ് തിങ്കളാഴ്ച ഏഴുമീറ്റർ കുറഞ്ഞു. ഇതോടെ ആലുവ, പറവൂർ, പെരുമ്പാവൂർ, കാലടി മേഖലകളിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഊർജിതമായി. കെഎസ്ആർടിസിയും റെയിൽവേയും കൂടുതൽ സർവീസ് ആരംഭിച്ചു.

ഇടമലയാർ ഡാമിൽനിന്നുള്ള വെള്ളമൊഴുക്ക് സെക്കൻഡിൽ 300 ക്യുബിക് മീറ്ററാക്കി. നാലു ഷട്ടറുകളിൽ മധ്യത്തിലുള്ള രണ്ടെണ്ണം ഒരുമീറ്റർ വീതവും ഇരുവശങ്ങളിലുള്ളത് അരമീറ്ററുമാണ് ഉയർത്തിയിട്ടുള്ളത്. നിലവിൽ ഡാമിലെ ജലനിരപ്പ് 168.17 മീറ്ററാണ്. 169 മീറ്ററാണ് പരാമവധി സംഭരണശേഷി. മഴ കുറഞ്ഞതോടെ ഡാമിലേക്കുള്ള നീരൊഴുക്കും കുറഞ്ഞിട്ടുണ്ട്.

കടലിൽ സാഹസികമായി മീൻപിടിത്തത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും ഇവിടെ രക്ഷാപ്രവർത്തനം നടത്താനായില്ല. ഇതിനിടെ, രക്ഷതേടി കുത്തിയതോട് ജനങ്ങൾ കൂട്ടത്തോടെയെത്തിയ പള്ളിയുടെ ചുമർ ഇടിഞ്ഞുവീണു. ആറുപേരാണ് ഇവിടെ മരിച്ചത്. ആളുകൾ അഭയംതേടിയ സ്ഥലങ്ങളെല്ലാം വെള്ളം കയറി. പൂവത്തുശേരിയിലും ഇതായിരുന്നു അവസ്ഥ. ഞായർ, തിങ്കൾ ദിവസങ്ങളിലായാണ് ഇവിടെ കുടുങ്ങിക്കിടക്കുന്നവരെ പുറത്തെത്തിക്കാനായത്. ജില്ലയിൽ ഇപ്പോൾ 760 ക്യാമ്പുകളിലായി 95,398 കുടുംബങ്ങളാണുള്ളത്. 1, 41,702 പുരുഷന്മാരും 1,44,983 സ്ത്രീകളും 75,010 കുട്ടികളുമടക്കം 3,61,695 പേരാണ് ക്യാമ്പിൽ കഴിയുന്നത്.